## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1440 — 11/08/2017-ൽ മറുപടിയ്ക്ക്

# ഹോർട്ടികോർപ്പ് പച്ചക്കറികളുടെ വില നിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) പച്ചക്കറികളുടെ വില പിടിച്ചുനിർത്താൻ ഹോർട്ടികോർപ്പ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ;<br><br>ബി) ഹോർട്ടികോർപ്പിന്റെ വില നിലവാരം പൊതുവിപണിയേക്കാൾ കൂടുതലാണെന്നുള്ള ആക്ഷേപം പരിഹരിക്കുവാൻ എന്ത് നടപടി കൈക്കൊണ്ടു എന്നറിയിക്കാമോ ;<br><br>സി) പൊതുവിപണിയിലെ വിലയേക്കാൾ താഴ്ന്ന വിലയിൽ ഗുണനിലവാരമുള്ള പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | എ) യും ബി) യും സി) യും<br>കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് മാർക്കറ്റ് വിലയെക്കാൾ 10% കൂടുതൽ വില നൽകി പച്ചക്കറി സംഭരിച്ച്, പൊതുവിപണി വിലയെക്കാൾ 10 മുതൽ 15% വരെ വിലകുറച്ച് ഹോർട്ടികോർപ്പ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. ഓണം, ബക്രീദ്, ക്രിസ്തുമസ്, റംസാൻ, വിഷു തുടങ്ങിയ ഉത്സവ കാലത്ത് വിപണിവിലയേക്കാൾ 30% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും എന്നാൽ ആവശ്യത്തിന് ലഭ്യമല്ലാത്തതും സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്തതുമായ പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും നേരിട്ട് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും മൊബൈൽ വില്പന യൂണിറ്റുകളിലൂടെയും മിതമായ വിലയ്ക്ക് ഗുണനിലവാരമുള്ള പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ഹോർട്ടികോർപ്പ് ദിനംപ്രതിയുള്ള കമ്പോള വില പരിശോധിച്ച് അതിൽ നിന്നും കുറഞ്ഞ നിരക്കിലാണ് പച്ചക്കറികൾ വിപണനം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ